# റജബ് മാസത്തിലെ ബിദ്അത്തുകൾ

ഡോ: കെ.കെ സകരിയ്യാ സ്വലാഹി

'സുന്നികൾ' എന്ന് സ്വയം പരിചയപ്പെടുത്തുന്ന കേരളത്തിലെ സമസ്തക്കാരും അവരുടെ അവാന്തര വിഭാഗങ്ങളും പുതിയ പുതിയ ബിദ്അത്തുകൾ നിർമ്മിക്കുന്നതിലും നടപ്പിൽ വരുത്തുന്നതിലും പരസ്പരം മത്സരിച്ചു കൊണ്ടിരിക്കുകയാണ്. ഓരോ പ്രദേശങ്ങളിലും ഓരോ തരം പ്രത്യേക ബിദ്അത്തുകൾ ചില മുസ്‌ലിയാക്കൾ തങ്ങളുടെ ശിങ്കിടികളിലൂടെ നടപ്പിൽ വരുത്താൻ ശ്രമിച്ചു കൊണ്ടിരിക്കുകയാണ്. മുൻകാല സമസ്തക്കാർ പോലും തള്ളിക്കളഞ്ഞ ബിദ്അത്തുകളെയാണ് 'സുന്നത്തുകൾ' എന്ന വ്യാജേന സമൂഹമധ്യത്തിൽ പ്രചരിപ്പിക്കാൻ ചിലർ ശ്രമിക്കുന്നത്. അക്കൂട്ടത്തിൽ പെട്ട ചില ബിദ്അത്തുകളാണ് റജബ് മാസവുമായി ബന്ധപ്പെട്ട ബിദ്അത്തുകൾ.

ജാഹിലിയ്യാ കാലത്ത് മുശ്‌രിക്കുകൾ പ്രത്യേകം ആദരിച്ചിരുന്ന മാസമായിരുന്നു റജബ്. ആ മാസത്തിൽ പ്രത്യേകം ആരാധനകളും ബലികർമ്മങ്ങളും അവർ നിർവ്വഹിച്ചിരുന്നു. എന്നാൽ നബി(ﷺ) റജബ് മാസത്തിൽ പ്രത്യേകമായ നമസ്കാരമോ നോമ്പോ ബലി കർമ്മമോ നിർദ്ദേശിച്ചതായി പ്രാമാണികമായി തെളിയിക്കപ്പെട്ടിട്ടില്ല. ചില ദുർബ്ബല റിപ്പോർട്ടുകളേയും കള്ള ഹദീസുകളേയും അവലംബമാക്കി റജബിൽ പ്രത്യേക നമസ്കാരവും നോമ്പും പടച്ചുണ്ടാക്കുകയും റജബ് 27ന് മിഅ്റാജ് ആഘോഷം സംഘടിപ്പിക്കുകയും ചെയ്യുന്നവരെ തുറന്നെതിർക്കുകയാണ് അഹ്‌ലുസ്സുന്നയുടെ പണ്ഡിതൻമാർ ചെയ്തിട്ടുള്ളത്. പക്ഷേ, ഖേദകരമെന്ന് പറയട്ടെ, 'സുന്നത്ത് ജമാഅത്തിന്റെ' മൊത്തക്കുത്തക അവകാശപ്പെടുന്ന കേരള ക്വുബൂരികളും ഒളിഞ്ഞും തെളിഞ്ഞും റജബ് മാസത്തിലെ ചില ബിദ്അത്തുകളെ പുനരുജ്ജീവിപ്പിക്കാൻ ശ്രമിക്കുകയാണ്.

ഹാജി പി. അബ്ദുറഹ്മാൻ മുസ്‌ലിയാർ എം.എഫ്.ബി എഴുതി പ്രസിദ്ധീകരിച്ച 'സുന്നത്ത് നിസ്കാരങ്ങളും സുന്നത്ത് നോമ്പുകളും' എന്ന പുസ്തകത്തിൽ എഴുതുന്നു: ''റജബിലെ സുന്നത്ത് നിസ്കാരം: റജബ് മാസം ആദ്യത്തെ വ്യാഴാഴ്ച വ്യതമനുഷ്ഠിക്കുകയും ഇശാ മഗ്‌രിബിനിടയിൽ ഈരണ്ട് റക്അത്തിൽ സലാം വീട്ടിക്കൊണ്ട് പന്ത്രണ്ട് റക്അത്ത് നിസ്കരിക്കുകയും ഓരോ റക്അത്തിലും ഫാത്തിഹക്ക് ശേഷം ''കദ്റ്'' സൂറത്ത് മൂന്ന് പ്രാവശ്യം ഇഖ്‌ലാസ് സൂറത്ത് പന്ത്രണ്ട് പ്രാവശ്യവും ഓതി നിസ്കരിക്കുക. നിസ്കാരത്തിൽ നിന്ന് വിരമിച്ചാൽ اللّهم صل على محمّد النّبي الأمّى എന്ന് എഴുപത് പ്രാവശ്യവും ശേഷം സുജൂദ് ചെയ്തു. അതിൽ, سبوح قدّوس ربّ الملئكة والرّوح എന്ന് എഴുപത് പ്രാവശ്യവും സുജൂദിൽ നിന്ന് തല ഉയർത്തി ഇരുത്തത്തിൽ, ربّ العفر وارحم وتجاوز عمّا تعلم انّك انت الاعزّ الاكرم എന്ന് എഴുപത് പ്രാവശ്യവും വീണ്ടും സുജൂദ് ചെയ്തു ആദ്യത്തെ സുജൂദിൽ പറഞ്ഞ പ്രകാരം പറയുകയും ശേഷം ആവശ്യം ചോദിക്കുകയും ചെയ്താൽ അത് വീട്ടപ്പെടുന്നതാണ്. നബി(ﷺ) പറഞ്ഞു. ആരെങ്കിലും ഈ നിസ്കാരം നിസ്കരിച്ചാൽ അവന്റെ പാപങ്ങൾ സമുദ്രത്തിലെ നുരയുടെ അത്ര ആയാലും മണൽത്തരിയുടെ എണ്ണത്തിന്റത്ര ആയാലും പർവതങ്ങളുടെ ഭാരമുള്ളതായാലും വൃക്ഷത്തിന്റെ ഇലകളുടെത്ര ആയാലും അത് പൊറുക്കപ്പെടുന്നതും അന്ത്യനാളിൽ അവന്റെ കുടുംബത്തിലെ നരഗാവകാശികളായ എഴുന്നൂറ് ആളുകളെ അവൻ ശുപാർശ ചെയ്യുന്നതുമാണ്'' (പേജ് 44, 45).

ഗസ്സാലിയുടെ 'ഇഹ്‌യാ ഉലൂമിദ്ദീൻ' എന്ന ഖുറാഫാത്ത് സമാഹാരത്തിലും ഇതേ നമസ്കാരത്തെ ഈ മുസ്‌ലിയാർ ഉദ്ധരിച്ച അതേ രീതിയിൽ വിവരിച്ചിട്ടുണ്ട്. (എം.വി. കുഞ്ഞി അഹ്‌മദ് മൗലവി, പാടൂർ വിവർത്തനം ചെയ്ത് ആമിനാ ബുക്സ്റ്റാൾ, തൃശൂർ 36 വാല്യങ്ങളിലായി പുറത്തിറക്കിയ 'ഇഹ്‌യാ' പരിഭാഷയുടെ 5–ാം വാല്യം 112–114 പേജുകൾ കാണുക). ''നബി(ﷺ) പറഞ്ഞതായി നിവേദനം ചെയ്യപ്പെട്ടിട്ടുണ്ട്'' എന്ന തലവാചകത്തോടെയും വർഷം തോറും അനുഷ്ഠിക്കേണ്ടുന്ന സുന്നത്ത് നമസ്കാരങ്ങളിലെ മൂന്നാമത്തെ ഇനമായിട്ടുമാണ് 'ഇഹ്‌യാ'യുടെ കർത്താവ് ഈ നമസ്കാരത്തെ പരിചയപ്പെടുത്തിയിട്ടുള്ളത്. പക്ഷേ, ഇഹ്‌യാ ഉലൂമിദ്ദീന് അടിക്കുറിപ്പെഴുതിയ ഹാഫിള് അൽ ഇറാഖി ഈ ഹദീസ് റസൂലിന്റെ പേരിൽ ആരോ നിർമ്മിച്ചുണ്ടാക്കിയ കള്ള ഹദീസ് (മൗദൂഅ്) ആണെന്ന് വ്യക്തമായി രേഖപ്പെടുത്തിയിട്ടുണ്ട്. ഹാഫിളുൽ ഇറാഖി മാത്രമല്ല, സ്വലാത്തുർറഗാഇബ് എന്നറിയപ്പെടുന്ന ഈ നമസ്കാരത്തെ ധാരാളം മുഹദ്ദിസുകളും പണ്ഡിത ശ്രേഷ്ഠരും വിമർശിച്ചിട്ടുണ്ട്.

1) ഇമാം നവവി(رحمه الله)യുടെ ഉസ്താദായിരുന്ന ഹാഫിള് അബൂശാമ(رحمه الله) തന്റെ 'അൽബാഇസ്' എന്ന പ്രസിദ്ധ ഗ്രന്ഥത്തിൽ ഈ നമസ്കാരത്തെക്കുറിച്ചുള്ള ഹദീസ് സ്വഹീഹല്ല എന്നും ഇതിന്റെ പരമ്പരകളിൽ വന്നിട്ടുള്ള അലിയ്യുബ്നു ജഹ്ളം എന്ന വ്യക്തി പെരുംകള്ളൻ (കദ്ദാബ്) ആണെന്നും വ്യക്തമാക്കിയിട്ടുണ്ട്. (അൽബാഇസ്–പുറം 113).

2) ഹാഫിള് ഇബ്നു ദിഹ്‌യ(رحمه الله) തന്റെ 'അദാഉ മാ വജബ ഫീ വള്ഇൽ വദ്ദാഈന ഫീ റജബ്' എന്ന ഗ്രന്ഥത്തിൽ പറയുന്നതിന്റെ ചുരുക്കസാരം ഇപ്രകാരമാണ്: 'കള്ള ഹദീസുകൾ പടച്ചുണ്ടാക്കുന്ന ഒരു കൂട്ടം ആളുകളിൽ നിന്നും ഈ മാസത്തെ(റജബ്) കുറിച്ച് ധാരാളം 'ഹദീസുകൾ' വന്നിട്ടുണ്ട്. അതിൽ പെട്ട ഒരാളാണ് മഅ്മൂൻ ബിൻ അഹ്‌മദ്....... ഇയാൾ ഒരു ലക്ഷത്തോളം 'ഹദീസുകൾ' നിർമ്മിച്ചുണ്ടാക്കിയിട്ടുണ്ടെന്ന് പറയപ്പെടുന്നു. അവയെല്ലാം കളവും വ്യാജവുമാണ്. അതിലൊന്നു പോലും സ്വഹീഹ് അല്ല. റജബ് മാസത്തിന്റെ ആദ്യത്തിലോ മധ്യത്തിലോ അവസാനത്തിലോ ഉള്ള നമസ്കാരങ്ങളെക്കുറിച്ചും നോമ്പിനെ കുറിച്ചുമുള്ള 'ഹദീസുകൾ' (ഒന്നുപോലും സ്വഹീഹല്ല). അതുപോലെത്തന്നെയാണ് റജബിലെ പ്രത്യേക എണ്ണം ദിവസങ്ങളിൽ നോമ്പെടുക്കുന്നതിനെക്കുറിച്ചുള്ള റിപ്പോർട്ടുകളും'' (പുറം 48)

വീണ്ടും അദ്ദേഹം എഴുതി: ''സ്വലാത്തുർറഗാഇബ് എന്ന നമസ്കാരം നിർമ്മിച്ചുണ്ടാക്കിയ വ്യക്തി അലിയ്യുബ്നു ജഹ്ളം എന്ന വ്യക്തിയാണ്. ഒരു ഹദീസ്ഗ്രന്ഥത്തിലും അറിയപ്പെടാത്ത കുറെ ആളുകളെ കണ്ണികളാക്കിക്കൊണ്ടാണ് ഇയാൾ ഇത് (ഈ നിസ്കാരത്തിന്റെ റിപ്പോർട്ട്) പടച്ചുണ്ടക്കിയിട്ടുള്ളത്..........അപ്രകാരം തന്നെ ഹുസൈൻബിൻ ഇബ്റാഹീം എന്ന വ്യക്തിയും ഒരു കള്ളഹദീസ് നിർമ്മിച്ചിട്ടുണ്ട്. അറിയപ്പെടാത്ത കുറെ ആളുകളുടെ പേരിൽ ചമച്ചുണ്ടാക്കിയ ആ റിപ്പോർട്ട് സ്വഹാബിയായ അനസ് ബിൻ മാലിക്(رضي الله عنه)ലേക്കാണ് ഇയാൾ ചേർത്തിപ്പറഞ്ഞിട്ടുള്ളത്. റജബ് 15–ാം രാവിലെ പ്രത്യേക നമസ്കാരത്തെക്കുറിച്ചുള്ള ദീർഘമായ ആ റിപ്പോർട്ട് ധാരാളം കളവുകളും വ്യാജോക്തികളും ഒരുമിച്ചു കൂട്ടിയതാണ്. ഈ കള്ളഹദീസ് കെട്ടിയുണ്ടാക്കിയവന് അല്ലാഹുവിൽ നിന്നുള്ള നിന്ദ്യതയും ശിക്ഷയും ഉണ്ടായിരിക്കും.......

ഖുറാസാനിലെ ശൈഖായിരുന്ന ഇമാം അബ്ദുല്ലാ അൽ അൻസ്വാരി(അൽ ഹറവീ, അൽ ഹാഫിള്) റജബ് മാസത്തിൽ പ്രത്യേകമായി നോമ്പ് നോൽക്കാതിരിക്കുകയും അതിനെ വിരോധിക്കുകയും ചെയ്തിരുന്നു. അദ്ദേഹം പറയുന്നു. ''റജബ് മാസത്തിന്റെ ശ്രേഷ്ഠതയെക്കുറിച്ചോ അതിലെ നോമ്പിനെക്കുറിച്ചോ റസൂൽ(ﷺ)യിൽ നിന്നും യാതൊന്നും സ്വഹീഹായി വന്നിട്ടില്ല. ആ മാസം (പ്രത്യേകമായി) നോമ്പ് നോൽക്കുന്നതിനെ അബുബക്കർ സിദ്ദീക്(رضي الله عنه) അടക്കമുള്ള സ്വഹാബികളിൽ ഒരു സംഘം വെറുത്തിരുന്നതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്.

ഉമർ(رضي الله عنه) ആ മാസം പ്രത്യേകമായി നോമ്പെടുക്കുന്നവരെ ചാട്ടവാർ കൊണ്ടടിക്കുകയും ആ മാസം പ്രത്യേകമായി നമസ്കരിക്കുന്നവരെ വിരോധിക്കുകയും ജാഹിലിയ്യാ കാലക്കാർ ആദരിച്ചിരുന്ന മാസമാണിതെന്ന് പറയുകയും ചെയ്തിരുന്നു'' (അദാഉ മാ വജബ.........പുറം 54–57).

3) ഹാഫിള് ഇബ്നുഹജർ അൽ അസ്ഖലാനി(رحمه الله): മേൽപറഞ്ഞ ഇബ്നു ദിഹ്യയുടെ ഇബാറത്തിന്റെ അടിക്കുറിപ്പിൽ ശൈഖ് അൽബാനി ഇബ്നു ഹജറിൽ അസ്ഖലാനിയും തന്റെ 'തബ്യീനുൽ അജബ്' എന്ന ഗ്രന്ഥത്തിൽ ഈ മാസത്തിന്റെ ശ്രേഷ്ഠതയുമായി ബന്ധപ്പെട്ട് ഒറ്റ ഹദീസും സ്വഹീഹായി വന്നിട്ടില്ല എന്ന് എഴുതിയ കാര്യം സൂചിപ്പിച്ചിട്ടുണ്ട്.

4) റജബിലെ ആദ്യത്തെ വെള്ളിയാഴ്ചരാവിലുള്ള 'സ്വലാത്തുർറഗാഇബ്' എന്നറിയപ്പെടുന്ന നമസ്കാരത്തെക്കുറിച്ച് ചോദിക്കപ്പെട്ടപ്പോൾ ഇമാം നവവി(رحمه الله) നൽകിയ മറുപടി: ''ഇത് അങ്ങേയറ്റം നിഷിദ്ധമായ ചീത്ത ബിദ്അത്താകുന്നു. പല നിഷിദ്ധങ്ങളേയും ആ നിസ്കാരം ഉൾക്കൊള്ളുന്നുണ്ട്. അതിനാൽ അത് ഉപേക്ഷിക്കപ്പെടേണ്ടതും ചെയ്യുന്നവനെ ഭരണാധികാരി തടയേണ്ടതുമാണ്. ഇതിനെ (റഗാഇബ് നമസ്കാരത്തെ) വിമർശിച്ചു കൊണ്ടും ആക്ഷേപിച്ചു കൊണ്ടും പണ്ഡിതൻമാർ ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്. കുറേ ആളുകൾ അത് നിർവ്വഹിക്കുന്നത് കണ്ടതു കൊണ്ടോ 'ക്വൂത്തുൽ ക്വുലൂബി'ലും 'ഇഹ്യാ ഉലൂമിദ്ദീനി'ലും പറയപ്പെട്ടതു കണ്ടതിനാലോ ആരും വഞ്ചിതരാകേണ്ട. അത് അടിസ്ഥാനമില്ലാത്ത ബിദ്അത്താണ്''

5) അല്ലാമ ഇസ്സുബ്നു അബ്ദിസ്സലാം(رحمه الله): സ്വലാത്തുർറഗാഇബ് ബിദ്അത്തിന്റെ ഗണത്തിൽ പെടുകയില്ല എന്ന് വാദിച്ച ഇബ്നുസ്സലാഹിന് മറുപടി എഴുതിക്കൊണ്ട് ശൈഖ് ഇസ്സുബ്നി അബ്ദിസ്സലാമും ഈ നമസ്കാരത്തെ വിമർശിച്ചിട്ടുണ്ട്. ഇബ്നുസ്സലാഹിന്റെ ലേഖനവും ഇസ്സുബ്നു അബ്ദിസ്സലാമിന്റെ മറുപടിയും ചേർത്തു കൊണ്ട് 'മുസാജലത്തുൻ ഇൽമിയ്യ ബയ്നൽ ഇമാമൈനി ജലീലൈനി' എന്ന പേരിൽ ശൈഖ് അൽബാനിയുടെ തഹ്ക്വീക് സഹിതം 'അൽ മക്തബുൽ ഇസ്ലാമി, ബൈറൂത്ത് പ്രസിദ്ധീകരിച്ചിട്ടുണ്ട്.

6) ഹിജ്റ എട്ടാം നൂറ്റാണ്ടിൽ അന്തരിച്ച അല്ലാമാ ഇബ്നുൽ ഹാജ് തന്റെ അൽ മദ്ഖൽ എന്ന ഗ്രന്ഥത്തിലും ഈ ബിദ്അത്ത് നമസ്കാരത്തെ വിമർശിച്ചിട്ടുണ്ട്. (അൽ മദ്ഖൽ 1/251).

7) ഹി: പത്താം നൂറ്റാണ്ടിലെ ശാഫിഈ പണ്ഡിതനായ സകരിയ്യൽ അൻസ്വാരിയും ഈ നമസ്കാരത്തെ വിമർശിക്കുകയും ഇമാം നവവിയുടെ മേൽപറഞ്ഞ ഫത്വ ശരി വെക്കുകയും ചെയ്തിട്ടുണ്ട്. (മുസാജല–പുറം 54).

8) ഹി: ഏഴാം നൂറ്റാണ്ടിൽ മരിച്ച അശ്ശൈഖ് അലിയ്യുബ്നു ഇബ്റാഹിം അൽ അത്ത്വാർ ഇമാം നവവി(رحمه الله)യുടെ ശിഷ്യനാണ്. റഗാഇബ് നമസ്കാരത്തിന്റെ ഹദീസ് നിർമ്മിതമാണെന്നും ഹി:480 ൽ ഉടലെടുത്ത പുത്തനാചാരമാണിതെന്നും അദ്ദേഹം വ്യക്തമാക്കിയിട്ടുണ്ട്. (മുസാജല–പുറം 54).

9) സൈനുദ്ദീൻ മഖ്ദൂം: കേരളത്തിലെ ശാഫിഈ പള്ളിദർസുകളിൽ പ്രസിദ്ധമായ ഫത്ഹുൽ മുഈനിലും ഈ നിസ്കാരവും ശഅ്ബാൻ പതിനഞ്ചിലെ നൂറ് റക്അത്ത് നിസ്കാരവും പടച്ചുണ്ടാക്കിയതാണെന്നും അവയെ സംബന്ധിച്ചുള്ള ഹദീസുകൾ അടിസ്ഥാനരഹിതങ്ങളാകുന്നു എന്നും എഴുതിയിട്ടുണ്ട്. (ഫത്ഹുൽ മുഈൻ പരിഭാഷ–പുറം 139)

10) അഞ്ചാം നൂറ്റാണ്ടിൽ ജീവിച്ച അബൂബക്കർ ത്വർതൂശി (رحمه الله) തന്റെ 'അൽ ഹവാദിസു വൽ ബിദഅ്' എന്ന ഗ്രന്ഥത്തിൽ ഈ നിസ്കാരം ആരംഭിച്ച വർഷവും അതുണ്ടായി വന്ന രീതിയും വളരെ വിശദയമായി തന്നെ വിവരിച്ചിട്ടുണ്ട്.

ഇനി മാന്യവായനക്കാർ ചിന്തിക്കുക. ഇത്രയേറെ വിമർശന വിധേയമായ ഒരു കള്ളറിപ്പോർട്ടിന്റെയടിസ്ഥാനത്തിലാണ് 'ഇഹ്‌യാ'യുടെ കർത്താവ് ഗസ്സാലി ഈ ബിദ്അത്തിനെ സ്ഥാപിക്കാൻ ശ്രമിച്ചത്. എന്നിട്ടും യാതൊരു തെളിവുമില്ലാതെ ഈ ദുഷിച്ച ബിദ്അത്തിനെ ഗസ്സാലി വെള്ള പൂശുന്നത് ഇഹ്‌യായുടെ പരിഭാഷയിൽ നമുക്ക് ഇപ്രകാരം വായിക്കാം: ''......അപ്പോൾ ഇത് ഒരു മുസ്തഹബ്ബായ നമസ്കാരമാണ്. ഇതിന്റെ പദവി പെരുന്നാൾ നമസ്കാരത്തിന്റെയും തറാവീഹ് നമസ്കാരത്തിന്റെയും പദവിയിലേക്ക് എത്തുന്നില്ലെങ്കിലും ഇത് വർഷം തോറുമുള്ള നമസ്കാരമായതിനാലാണ് നാം ഈ വിഭാഗത്തിൽ ഇത് ഉദ്ധരിച്ചത്. ഒറ്റ ഒറ്റയായ വ്യക്തികൾ മാത്രമേ ഈ ഹദീസ് നിവേദനം ചെയ്തിട്ടുള്ളൂ. പക്ഷേ, പുണ്യാത്മാക്കൾ എല്ലാം തന്നെ ഈ നമസ്കാരത്തെ തീരെ ഉപേക്ഷിക്കാതെ പതിവാക്കുന്നതായി ഞാൻ കണ്ടിട്ടുണ്ട്. അതുകൊണ്ടാണ് ഞാൻ ഈ നമസ്കാരത്തെ ഈ ഗ്രന്ഥത്തിൽ ഉദ്ധരിക്കുവാൻ ഇഷ്ടപ്പെട്ടത്'' (ഇഹ്‌യാ പരിഭാഷ 5/113-114).

നോക്കുക! ഏതോ സൂഫികൾ പതിവാക്കിയതാണത്രേ ഒരു പുണ്യകർമ്മം സ്ഥാപിതമാവാനുള്ള തെളിവ്! ഇപ്രകാരം സൂഫിസം തലക്കു പിടിച്ച ചിലരാണ് 5-ാം നൂറ്റാണ്ടിൽ ഉടലെടുത്ത ഈ കള്ള നമസ്കാരത്തെ ന്യായീകരിച്ചത്! ശൈഖ് ജീലാനിയുടെ ഗുൻയയിലും ഈ കള്ള ഹദീസ് സ്വഹീഹാണെന്ന നിലയിൽ ഉദ്ധരിച്ച് അംഗീകരിച്ചത് കാണാം. എതിർത്തവരും അനുകൂലിച്ചവരും കേരള ക്വുബൂരികൾക്ക് ഒരു പോലെ തള്ളിക്കളയാൻ കഴിയാത്തവരാണ്. പക്ഷേ, ബിദ്അത്തുകളെ ന്യായീകരിക്കുന്നവരോടാണല്ലോ അവർക്കെന്നും താൽപ്പര്യം. അതിനാൽ അവർ ഇവിടെ ഗസ്സാലീ മദ്ഹബും ജീലാനീ മദ്ഹബും മുറുകെ പിടിക്കുന്നു!

### റജബ് 27 ലെ ആചാരങ്ങളും കേരള ക്വുബൂരികളും

മലപ്പുറം ജില്ലയുടെ ഇങ്ങേയറ്റത്തുള്ള പുത്തൂർപാടം ദർസിൽ നിന്നും പുറത്തിറക്കിയ 'ഒരു വർഷത്തിലെ മുസ്‌ലിം സവിശേഷ ദിവസങ്ങൾ' എന്ന പുസ്തകത്തിൽ എഴുതുന്നു: ''റജബ് 27ലെ അനുഷ്ടാന കർമ്മം: റജബ് 27 മഹത്തായ ഒരു ദിവസമായി സുന്നികൾ ആഘോഷിക്കുന്നു. അതിന്റെ മാഹാത്മ്യങ്ങളെ കണക്കിലെടുത്ത് ആദരിക്കുന്നു. കാരണം അല്ലാഹുവും റസൂലും ബഹുമാനിച്ചതിനെ ബഹുമാനിക്കണമെന്ന് ഖുർആൻ കൊണ്ടും, ഹദീസ് കൊണ്ടും സ്ഥിരപ്പെട്ടതാണല്ലോ. അതാണല്ലോ ഇസ്‌ലാമിന്റെ തത്വസംഹിതയും. ആയതിനാൽ ഈ ദിവസത്തിൽ മുസ്‌ലിംങ്ങൾ ചെയ്യേണ്ടുന്നതും ഇതുവരെ ചെയ്തു പോന്നതുമായ പ്രത്യേക പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് താഴെ വിവരിക്കാം.

ഒന്ന്:- റജബ് 27 പകൽ നോമ്പനുഷ്ഠിക്കുക. ഈ നോമ്പ് സുന്നത്താണെന്ന് ഇമാം ഗസ്സാലി പോലോത്ത പണ്ഡിതൻമാർ രേഖപ്പെടുത്തിയിട്ടുണ്ട്. മാത്രമല്ല മഹാനായ അബൂഹുറൈറയെ തൊട്ട് ഒരു ഹദീസിൽ വന്നിട്ടുണ്ട്. റജബ് 27 ന് വല്ലവനും നോമ്പനുഷ്ഠിച്ചാൽ അറുപത് മാസത്തെ നോമ്പിന്റെ പ്രതിഫലം അവന് എഴുതപ്പെടും.

രണ്ട്:- റജബ് 27-ാം രാവ് നല്ല ഭക്ഷണം പാകം ചെയ്ത് ഭാര്യാസന്താനങ്ങൾക്കും മറ്റും നൽകുക. ഇത് ഒരു മഹത്തായ ഒരു സൽക്കർമ്മമാണ് എന്ന് പറയേണ്ടതില്ല. കാരണം വിശിഷ്ട ദിവസങ്ങളിൽ ഭക്ഷണം വിശാലത ചെയ്യുക, ധർമ്മം ചെയ്യുക, ഖുർആൻ ഓതുക പോലത്തെ നല്ല കാര്യങ്ങൾ അധികരിപ്പിക്കലും പ്രത്യേകം കണക്കിലെടുക്കലും നബിചര്യയാണെന്ന് പ്രബലമായ ഹദീസിൽ വന്നിട്ടുണ്ട്'' (പേജ് 72,73).

നോക്കുക! റജബ് 27 സുന്നികൾക്ക് പുണ്യദിനമാണത്രെ! അന്ന് പകൽ നോമ്പെടുക്കലും നല്ല ഭക്ഷണം പാകം ചെയ്ത് ഭാര്യാസന്താനങ്ങൾക്ക് നൽകലും പുണ്യമാണത്രെ! ശുദ്ധകള വാണിത്. കാരണം, ഇസ്രാഅ്–മിഅ്റാജ് സംഭവങ്ങൾ റജബ് 27നാണ് ഉണ്ടായതെന്ന വാദ ത്തിന്റെയടിസ്ഥാനത്തിലാണ് ഈ ദിവസത്തിന് ചിലർ പ്രാധാന്യം കൽപ്പിക്കുന്നത്. വാസ്തവത്തിൽ ഇസ്രാഉം മിഅ്റാജും ഉണ്ടായത് ഈ ദിവസത്തിലാണെന്നതിന് യാതൊരു രേഖയുമില്ല. ഈ വിഷയകമായി പല പണ്ഡിതരും എഴുതിയിട്ടുണ്ട്.

1) ഹാഫിള് ഇബ്നു ദിഹ്യ എഴുതിയതിന്റെ ചുരുക്കം ഇപ്രകാരമാണ്. ''ചില കാഥികൻമാർ ഇസ്രാഅ് സംഭവിച്ചത് റജബ് മാസത്തിലാണെന്ന് പറഞ്ഞിട്ടുണ്ട്. അത് നിരൂപണപ്പടുക്കളുടെ വീക്ഷണത്തിൽ തനിച്ച കളവാണ്. ഇമാം അബൂഇസ്ഹാഖുൽ ഹർബി പറയുന്നു: ''റസൂൽ(ﷺ)ക്ക് ഇസ്രാഅ് ഉണ്ടായത് റബീഉൽ അവ്വൽ 27ാം രാത്രിയായിരുന്നു. ഈ വിഷയത്തിലുള്ള അഭിപ്രായ ഭിന്നതകളും തെളിവുകളും 'അൽ ഇബ്തിഹാജ് ഫീ അഹാദീസിൽ മിഅ്റാജ്' എന്ന ഗ്രന്ഥത്തിൽ വിവരിച്ചിട്ടുണ്ട്'' (അദാഉ മാ വജബ–പുറം 53,54).

2) ഇതേ വാചകങ്ങൾ ഹാഫിള് അബൂശാമയുടെ 'അൽ ബാഇസ്' എന്ന ഗ്രന്ഥത്തിലും കാണാം. (പുറം 116,117).

3) ഹാഫിള് ഇബ്നു ദിഹ്യയുടെ മേൽവാചകത്തിന് (ഇസ്രാഅ് റജബിലാണെന്ന് ചില കാഥികൻമാർ പറഞ്ഞിട്ടുണ്ട്) ശൈഖ് അൽബാനി എഴുതിയ അടിക്കുറിപ്പിൽ ഇപ്രകാരം കാണാം. ''ഹാഫിളുബ്നു ഹജർ അസ്ഖലാനി തന്റെ മേൽ പറഞ്ഞ കൃതിയിൽ (തബ്ഈനുൽ അജബ് ഫീ മാ വറദ ഫീ ഫള്ലി റജബ്) ഗ്രന്ഥ കർത്താവിൽ നിന്നും (ഇബ്നു ദിഹ്യ) ഈ വാചകം ഉദ്ധരിക്കുകയും അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്'' (അദാഉ മാ വജബ.........പുറം 53).

മഹാൻമാരായ ഈ രണ്ട് ഹാഫിളുകളുടെയും (ഇബ്നുദിഹ്യ, ഇബ്നു ഹജർ) മേൽ പ്രസ്താവനകളിൽ നിന്നും റജബ് 27ലെ മിഅ്റാജ് ആഘോഷം കാഥികൻമാരുടെ കള്ള റിപ്പോർട്ടുകളെ മാത്രം അവലംബിച്ച് പിൽക്കാലത്ത് ചിലർ കടത്തിക്കൂട്ടിയതാണെന്ന് മനസ്സിലാക്കാൻ കഴിയും.

4) ഹിജ്റ 814ൽ മരണപ്പെട്ട ശാഫിഈ പണ്ഡിതനായിരുന്ന ശൈഖ് ഇബ്നു നഹ്ഹാസിന്റെ 'തംബീഹുൽ ഗാഫിലീൻ ഹൗല ബിദ്അത്തിൽ ഇഹ്തിഫാലി ബി ലൈലത്തിൽ ഇസ്റാഇ വൽ മിഅ്റാജ്' എന്ന ഗ്രന്ഥത്തിൽ (പുറം 379,380) എഴുതിയതിന്റെ സാരം ഇപ്രകാരമാണ്: ''ഈ രാത്രി (റജബ് 27) ആഘോഷിക്കുക എന്നത് ദീനിൽ ഗുരുതരമായ ബിദ്അത്താണ്. പിശാചിന്റെ അനുയായികൾ പുതുതായി ദീനിൽ കടത്തിക്കൂട്ടിയ പുത്തനാശയവുമാണ്'' (ഉദ്ധരണം: അൽ ബിദഉൽ ഹൗലിയ്യ–പുറം 279).

ചില കിതാബുകളിലൊക്കെ പല അഭിപ്രായങ്ങളും ഇസ്രാഅ്–മിഅ്റാജിന്റെ തിയ്യതിയെക്കുറിച്ച് വന്നിട്ടുണ്ടെങ്കിലും ഒന്നും പ്രബലമല്ല. ഹിജ്റക്ക് ഒരു വർഷം മുമ്പാണ് ഇസ്രാഉം മിഅ്റാജും ഉണ്ടായതെന്ന് മാത്രമാണ് അൽപം പ്രബലമായി വന്നിട്ടുള്ള ചരിത്രം. മാസവും ദിവസവും ഉദ്ധരിക്കുന്ന റിപ്പോർട്ടുകളൊന്നും സ്വഹീഹായി വന്നിട്ടില്ല. മിഅ്റാജിന്റെ ദിവസം, മാസം, വർഷം എന്നിവ ഏതാണെന്ന കാര്യത്തിൽ പണ്ഡിതൻമാർക്കിടയിൽ പത്തിലേറെ അഭിപ്രായങ്ങൾ ഉണ്ടെന്ന് ഹാഫിള് അസ്ഖലാനി (رحمه الله) തന്റെ ഫത്ഹുൽബാരിയിൽ രേഖപ്പെടുത്തിയത് കാണാം. (ബാബുൽ മിഅ്റാജ്)

മാത്രമല്ല, നബി(ﷺ) മിഅ്റാജിന് ശേഷം പത്ത് വർഷത്തിലേറെ ജീവിച്ചില്ലേ? അത്രയും റജബ് മാസം കഴിഞ്ഞു പോയില്ലേ? നബി(ﷺ)യോ സ്വഹാബത്തോ റജബ് 27ന് നോമ്പെടുക്കുകയോ മിഅ്റാജ് ആഘോഷം കൊണ്ടാടുകയോ ചെയ്തിട്ടില്ല. അപ്രകാരം സ്വഹീഹായി

വന്നിട്ടുമില്ല. ഗസ്സാലിയെപ്പോലുള്ള സൂഫികൾ ഉദ്ധരിച്ച റിപ്പോർട്ടുകളാകട്ടെ ഒന്നു പോലും തെളിവിനു കൊള്ളുന്നതല്ല. എന്നിട്ടും പുത്തൻവാദികളായ 'കേരള സുന്നി'കൾ അതിനെ ന്യായീകരിക്കുന്നു.

മേലെഴുതിയ 'മുസ്‌ലിം വിശേഷ ദിവസങ്ങൾ' എന്ന പുസ്തകത്തിന് അവതാരിക എഴുതിയത് സുലൈമാൻ ഫൈസി (കുഴിമണ്ണ)യും ആശംസ എഴുതിയത് ഹൈദരലി ശിഹാബ് തങ്ങളുമാണ് എന്നത് സമസ്തക്കാരുടെ ഒദ്യോഗിക അംഗീകാരം ഈ ബിദ്അത്തിനുണ്ടെന്നതിന്റെ തെളിവാണ്.

**96 നോമ്പ്**

കേരള സമസ്തക്കാർ–വിശിഷ്യാ മലബാർ പ്രദേശത്തുകാർ–പലരും അനുഷ്ഠിക്കുന്ന മറ്റൊരു ബിദ്അത്താണ് 96 നോമ്പ്. അതായത്, റജബ് 30, ശഅബാൻ 30, റമളാൻ 30, ശവ്വാൽ 6 എന്നിങ്ങനെ 96 നോമ്പ്. പ്രായമുള്ള സ്ത്രീകളിലാണ് ഈ ഒരു ബിദ്അത്ത് അധികവും കാണുന്നത്. മലപ്പുറം ജില്ലയിലെ മമ്പീതിയിൽ നിന്ന് എഴുതിക്കൊടുത്ത് തുർക്കിയിൽ നിന്ന് പ്രസിദ്ധീകരിച്ച് വരുന്ന 'സുന്നി' എന്ന ഖുറാഫാത്ത് പ്രസിദ്ധീകരണത്തിൽ ഇതുമായി ബന്ധപ്പെട്ട് വന്ന ചോദ്യത്തിൽ ഈ നോമ്പിന് വല്ല തെളിവുമുണ്ടോ എന്ന ചോദ്യത്തിന് അഹ്മദ് കോയ ശാലിയാത്തി 96 നോമ്പിന് ഫത്‌വ നൽകിയിട്ടുണ്ട് എന്നാണ് മറുപടി നൽകിയത്. മേൽ ഫത്‌വയുടെ പകർപ്പ് അവർ എടുത്തുദ്ധരിക്കുകയും ചെയ്തിട്ടുണ്ട്. സമസ്തക്കാരന് അതിനപ്പുറം ഒരു തെളിവ് പിന്നെ ആവശ്യമില്ലല്ലോ! അല്ലാഹുവും റസൂലും പഠിപ്പിച്ചത് അംഗീകരിക്കാനല്ലേ അവർക്ക് രണ്ടാമതൊന്ന് ആലോചിക്കേണ്ടതുള്ളൂ. തങ്ങളുടെ ഖോജാക്കൻമാരുടെ ഫത്‌വയാകുമ്പോൾ പിന്നെ സംശയിക്കേണ്ടതില്ലല്ലോ.!!!

സമസ്തക്കാരേ....ഇനിയെങ്കിലും 'അഹ്‌ലുസ്സുന്നത്ത് വൽ ജമാഅത്ത്' എന്ന് നിങ്ങൾ പ്രയോഗിക്കരുത്. നിങ്ങൾക്ക് യോജിച്ച പേര് അഹ്‌ലുൽ ബിദ്അത്തി വൽ ഖുറാഫാത്ത് എന്നതത്രെ!